**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 229** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ഭക്ഷ്യഭദ്രത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. പി. പ്രസാദ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. കെ. വത്സരാജ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** അതിദാരിദ്ര്യ നിർമ്മാർജനത്തിന്റെ ഏറ്റവും ശക്തമായ അടിത്തറ ഭക്ഷ്യഭദ്രതയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ ദാരിദ്ര്യ നിർമാർജന ലക്ഷ്യം ഫലപ്രദമായി കൈവരിക്കാൻ സാധിക്കുകയുള്ളൂ. എന്നതിനാൽ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

**(ബി)** സംസ്ഥാനത്ത് അതിദരിദ്രരില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളിൽ ഭക്ഷ്യഭദ്രതയ്ക്ക് മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** NFSA Act പ്രകാരം ഭക്ഷ്യഭദ്രതാ പദ്ധതി എല്ലാ വിഭാഗങ്ങൾക്കും ഉറപ്പുവരുത്തിയിട്ടുണ്ട്.

**(സി)** ഒരു ഭക്ഷ്യക്കമ്മി സംസ്ഥാനമായിട്ടുകൂടി ഭക്ഷ്യമിച്ചോല്പാദക സംസ്ഥാനങ്ങൾക്ക് പോലും കഴിയാതിരുന്ന നേട്ടം മുൻ സർക്കാരിന്റെ കാലത്ത് കൈവരിക്കാനായതിന് കാര്യക്ഷമമായ പൊതുവിതരണ സംവിധാനം സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വിവിധ കാലഘട്ടങ്ങളിൽ മാറി വരുന്ന സർക്കാരുകൾ സംസ്ഥാനത്തെ ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ പൊതുവിതരണ സംവിധാനം (PDS) നിർണായക പങ്കുവഹിച്ചിട്ടുണ്ട്. പൊതുവിതരണ സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിലൂടെ രാജ്യത്തിന് മാതൃകാപരമായ ഭക്ഷ്യവിതരണ ശൃംഖല നിലനിർത്താൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരിഭാഗം കുടുംബങ്ങൾക്കും റേഷൻ കാർഡുകൾ അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 95,70,069 റേഷൻ കാർഡുകളാണ് സംസ്ഥാനത്തുള്ളത്. 13,934 ന്യായവിലക്കടകളുടെ വിപുലമായ ശൃംഖല വഴി കാർഡുടമകൾക്ക് അർഹമായ റേഷൻ വിഹിതം കൃത്യമായി വിതരണം ചെയ്തുവരുന്നു.

**(ഡി)** ഭക്ഷ്യധാന്യങ്ങൾ മാത്രമല്ല, മറ്റ് അവശ്യ നിത്യോപയോഗ വസ്തുക്കളും ന്യായ വിലക്ക് തടസ്സമില്ലാതെ ജനങ്ങൾക്ക് ലഭിക്കുന്നു എന്നത് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ്

സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

**മറുപടി:** ഭക്ഷ്യഭദ്രത നിയമപ്രകാരമുള്ള റേഷൻ വിതരണം മുടക്കമില്ലാതെ തുടരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ പദ്ധതികളുടെ സാധ്യതകൾ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**